**ഭരണഭാഷ മാതൃഭാഷ**

ഇ.മെയിൽ: 'dmekerala@gmail.com'
ഫാക്സ്: 0471-2443080

ഫോൺ (ഓഫീസ്) : 2528575
2444270
ഡയറക്ടർ : 2444011

**കേരള സർക്കാർ**
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം 695011

എച്ച്2/22264/2017/മെ.വി.കാ.

തീയതി: 25/01/2021

**പരിപത്രം**

വിഷയം : മെ.വി.കാ-ജീവനക്കാര്യം-സീനിയർ സയന്റിഫിക് അസിസ്റ്റന്റ് (പത്തോളജി) തസ്തികയിലെ ഒഴിവുകൾ തസ്തികമാറ്റം മുഖേന നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്,

സൂചന : 1. 03.04.1961 ലെ സ.ഉ.(സാധാ)1498/61/എച്ച് .എൽ.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. 18.11.1961 ലെ സ.ഉ.(കൈ) 1260/61/എച്ച് .എൽ.ഡി നമ്പർ സർക്കാർ ഉത്തരവ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് (പത്തോളജി) തസ്തികയിൽ (ശമ്പള സ്കെയിൽ:36600 – 79200) നിലവിലുള്ള ഒഴിവ് തസ്തികമാറ്റം മുഖേന നികത്തുന്നതിനായി സൂചന (2) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന താഴെ പറയുന്ന യോഗ്യതയുള്ള ലബോറട്ടറി അസിസ്റ്റൻറ്/ ക്യൂറേറ്റർ തസ്തികയിലുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യത: 1. എം.എസ്.സി. കെമിസ്ട്രിയിൽ I ക്ലാസ്സ് അല്ലെങ്കിൽ II ക്ലാസ്സ്

അല്ലെങ്കിൽ

2. എം.എസ്.സി. സുവോളജിയിൽ I ക്ലാസ്സ് അല്ലെങ്കിൽ II ക്ലാസ്സ്

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവന പുസ്തകവുമായി ഒത്തു നോക്കി ശരിയാണെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതും അപേക്ഷകൾ 10.02.2021 നോ അതിന് മുമ്പോ ബന്ധപ്പെട്ട വകുപ്പ് മേധാവി അതാത് പ്രിൻസിപ്പാളിനു സമർപ്പിക്കേണ്ടതും പ്രിൻസിപ്പാൾമാർ അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി 20.02.2021 നോ അതിന് മുമ്പോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

വൈകി ലഭിക്കുന്നതും അപൂർണ്ണങ്ങളുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അതുപോലെ അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കുവാനും പാടുള്ളതല്ല.

ബന്ധപ്പെട്ട മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയ ബന്ധിതമായി ലാബ് അസിസ്റ്റന്റ്/ ക്യൂറേറ്റർ തസ്തികകളിലെ എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകേണ്ടതാണ്.

ഒപ്പ്
ഡോ.തോമസ് മാത്യു
ജോയിന്റ് ഡയറക്ടർ (എം)

| | |
|---|---|
| പകർപ്പ്: | 1. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ കൊല്ലം/ ആലപ്പുഴ/ കോട്ടയം/ തൃശ്ശൂർ/ കോഴിക്കോട് |
| | 2. കരുതൽ ഫയൽ/ ഫയൽ/ റെക്കോർഡ്സ് |

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് (പത്തോളജി) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ 03.04.1961 ലെ സ.ഉ.(സാധാ)1498/61/എച്ച് .എൽ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാററം മുഖേന നികത്തുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | അപേക്ഷകന്റെ തസ്തിക | |
| 3. | ജോലി ചെയ്യുന്ന സ്ഥാപനം | |
| 4. | യോഗ്യത, വിദ്യാഭ്യാസം | |
| 5 | ജനനത്തീയതി | |
| 6. | ശമ്പളം, ശമ്പള നിരക്ക് | |
| 7. | സർക്കാർ സേവനത്തിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 8. | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 9. | ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 10. | ടി തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ തീയതി (ഉത്തരവിന്റെ പകർപ്പ് സഹിതം) | |
| 11. | യോഗ്യമല്ലാത്ത കാലം | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ...................................... ആയ ഞാൻ പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ തെററാണെന്ന് തെളിയിക്കുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ഒപ്പ് :
പേരും തസ്തികയും :
സ്ഥാപനം :

സ്ഥലം :

തീയതി :

അപേക്ഷയിലെ ക്രമ നം 1 മുതൽ 9 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന പുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :
മേലധികാരിയുടെ തസ്തിക:

സ്ഥലം :
തീയതി :

ഓഫീസ് മുദ്ര

സ്ഥലം :
തീയതി :

പ്രിൻസിപ്പാൾ
ഓഫീസ് മുദ്ര